**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6312** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് നിരക്കിൽ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്റ്റൈപന്റ് കണക്കാക്കുന്നതിന് ദൂരപരിധിയുമായി ബന്ധപ്പെടുത്തി നിബന്ധനകൾ നിലവിലുണ്ടോ; എങ്കിൽ അതിന് എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | **2020-21 അധ്യയന വർഷം വരെ 8കി.മീ പരിധിക്കകത്തും/പുറത്തും ഉള്ള ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിലാണ് സ്റ്റൈപന്റ് അനുവദിച്ചിരുന്നത്. ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റിന് പകരം പോക്കറ്റ് മണിയാണ് അനുവദിച്ചിരുന്നത്. ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിനാൽ പോക്കറ്റ് മണിയായി വളരെ കുറഞ്ഞ തുകയാണ് പ്രതിമാസം അനുവദിച്ച് വന്നിരുന്നത്. കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗനിർദേശപ്രകാരം പോസ്റ്റ്മെട്രിക് ഡേ സ്കോളർ വിദ്യാർത്ഥികളുടെ സ്റ്റൈപെന്റ് ദൂരപരിധിയില്ലാതെ ഏകീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 8 കിലോമീറ്റർ ദൂരപരിധിക്ക് പുറത്തുള്ള വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റിൽ നേരിയ കുറവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കും ഡേ സ്കോളർ വിദ്യാർത്ഥികൾക്കും അനുവദിച്ചിരുന്ന സ്റ്റൈപന്റ് നിരക്കിൽ വ്യത്യാസമുണ്ടായിരുന്നോ; ആയത് ഏകീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എന്നുമുതലാണ് ഏകീകരണം പ്രാബല്യത്തിൽ വരുത്താൻ തീരുമാനിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | **2020-21 അധ്യയന വർഷം വരെ 8കി.മീ പരിധിക്കകത്തും/പുറത്തും ഉള്ള ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിലാണ് സ്റ്റൈപന്റ് അനുവദിച്ചിരുന്നത്. ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റിന് പകരം പോക്കറ്റ് മണിയാണ് അനുവദിച്ചിരുന്നത്. ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിനാൽ പോക്കറ്റ് മണിയായി വളരെ കുറഞ്ഞ തുകയാണ് പ്രതിമാസം അനുവദിച്ച് വന്നിരുന്നത്. കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗനിർദേശപ്രകാരം പോസ്റ്റ്മെട്രിക് ഡേ സ്കോളർ വിദ്യാർത്ഥികളുടെ സ്റ്റൈപെന്റ് ദൂരപരിധിയില്ലാതെ ഏകീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 8 കിലോമീറ്റർ ദൂരപരിധിക്ക് പുറത്തുള്ള വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റിൽ നേരിയ കുറവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം ഏകീകരണം നടത്തുന്നത് കൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് അറിയിക്കാമോ; ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിക്കുന്ന സ്റ്റൈപന്റ് നിരക്കിൽ ഇതുമൂലം കുറവ് വരുമോ; വ്യക്തമാക്കാമോ; | (സി) | **2020-21 അധ്യയന വർഷം വരെ 8കി.മീ പരിധിക്കകത്തും/പുറത്തും ഉള്ള ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിലാണ് സ്റ്റൈപന്റ് അനുവദിച്ചിരുന്നത്. ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റിന് പകരം പോക്കറ്റ് മണിയാണ് അനുവദിച്ചിരുന്നത്. ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിനാൽ പോക്കറ്റ് മണിയായി വളരെ കുറഞ്ഞ തുകയാണ് പ്രതിമാസം അനുവദിച്ച് വന്നിരുന്നത്. കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാർഗനിർദേശപ്രകാരം പോസ്റ്റ്മെട്രിക് ഡേ സ്കോളർ വിദ്യാർത്ഥികളുടെ സ്റ്റൈപെന്റ് ദൂരപരിധിയില്ലാതെ ഏകീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 8 കിലോമീറ്റർ ദൂരപരിധിക്ക് പുറത്തുള്ള വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റിൽ നേരിയ കുറവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ഡി) | നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ഉയർന്ന സ്റ്റൈപന്റ് നിരക്ക് തന്നെ നിലനിർത്തി ഏകീകരണം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (ഡി) | **പരിശോധിക്കുന്നതാണ്** |

സെക്ഷൻ ഓഫീസർ